പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1896 25.03.2013 ൽ മറുപടിക്ക്

തെരുവിൽ അന്തിയുറങ്ങുന്നവരുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ<br>,, എം. ചന്ദ്രൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) തല ചായ്ക്കാൻ സ്വന്തമായി ഒരിടമില്ലാതെ കുട്ടികളുമായി കടവരാന്തയിലും മറ്റും അന്തി ഉറങ്ങേണ്ടി വരുന്ന അമ്മമാരെ സാമൂഹ്യ ദ്രോഹികളിൽ നിന്നും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് രാത്രികാല പട്രോളിംഗും മറ്റും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. കൂടാതെ സാമൂഹിക വിരുദ്ധരുടെ ശല്യം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേകം നിരീക്ഷണം നടത്തി വരുന്നു. ഇത്തരം അനാഥകളെ കണ്ടെത്തി അവർക്കുവേണ്ടുന്ന നിയമപരമായ പരിരക്ഷ നൽകാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) തിരൂരിൽ, ഗർഭിണിയായ അമ്മയ്ക്കൊപ്പം അന്തിയുറങ്ങുകയായിരുന്ന പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി ലൈംഗികമായി പീഡിപ്പിച്ചതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) രാത്രികാലങ്ങളിൽ പട്രോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ കട വരാന്തയിലും മറ്റും അനാഥകളായ സ്ത്രീകളെയോ കുട്ടികളെയോ കണ്ടാൽ വനിതാ പോലീസ് സ്റ്റേഷനുകളിലോ വനിതാ ഹെൽപ് ലൈനുകളിലോ അറിയിച്ച് അവരെ സുരക്ഷിത സ്ഥാപനങ്ങളിലത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംഭവത്തിലെ കുറ്റവാളികളെ യെല്ലാം അറസ്റ്റു ചെയ്യുകയുണ്ടായോ; പീഡനത്തിനു ശേഷം ഉപേക്ഷിക്കപ്പെട്ട പെൺകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി ലൈംഗികമായി പീഡിപ്പിച്ച തുമായി ബന്ധപ്പെട്ട് തിരൂർ പോലീസ് സ്റ്റേഷൻ ക്രൈം 313/2013-ാം നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇയാൾ ഇപ്പോൾ റിമാന്റിലാണ്. കുട്ടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ സുഖം പ്രാപിച്ചുവരുന്നു. ആശുപ ത്രിയിലുള്ള കുട്ടിയ്ക്കും അമ്മയ്ക്കും വനിതാ പോലീസിന്റെ സംരക്ഷണം നൽകിവരുന്നുണ്ട്. |
| (ഡി) | നാട്ടിലെങ്ങും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന നിലയിൽ പോലീസ് സംവിധാനം ദുർബലമാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പോലീസ് സംവിധാനം കാര്യക്ഷമ മായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ